**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ്- ജീവനകാര്യം - ഡോ.റെൻസി കോശി, ജൂനിയർ കൺസൾട്ടന്റ് (പി.എച്ച് ലാബ്) - കൺസൾട്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് റിവർട്ട് ചെയ്ത ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യവും കുടുംബക്ഷേമവും (എ) വകുപ്പ്**

സ. ഉ (സാധാ) നമ്പർ.744/2018/ആക തിയതി, തിരുവനന്തപുരം, 05.03.2018

---

പരാമർശം:- 1) സ.ഉ (സാധാ) 4320/2013/ആകവ തീയതി 23.12.2013.

2) സ.ഉ (പി) 34/2016/ആകവ തീയതി 19.10.2016.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07.07.2016 ലെ ഇഎ 1-43704/2016/ ആവഡ നമ്പർ നടപടിക്രമം.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07.08.2017 ലെ ഇഎ 1-93219/2010/ ആവഡ നമ്പർ കത്ത്

**ഉത്തരവ്**

പബ്ലിക് ഹെൽത്ത് ലാബിലെ ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.റെൻസി കോശി, ഡോ.ഷൈല സാം എന്നിവരെ കൺസൾട്ടന്റ്മാരായി താത്കാലിക സ്ഥാനക്കയറ്റം പരാമർശം 1 പ്രകാരം നൽകിയിരുന്നു. തുടർന്നു 29.8.2016 ൽ ചേർന്ന DPC യോഗ തീരുമാന നടപടി കുറിപ്പ് പ്രകാരം പ്രസ്തുത മെഡിക്കൽ ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 2013-ലെ സെലക്റ്റ് ലിസ്റ്റ് തയാറാക്കുകയും പരാമർശം 2 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഡോ.റെൻസികോശി, സർവീസ് ക്വാട്ടയിലെ പഠനം കഴിഞ്ഞു തിരിച്ചു വന്ന സമയത്തു ടിയാളെ നിയമിക്കുന്നതിനായി കൺസൾറ്റന്റ് തസ്തിക ഒഴിവു ഇല്ലാതിരുന്നതിനാൽ ടിയാളെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം 3 പ്രകാരമുള്ള നടപടിക്രമം പ്രകാരം റിവർട്ട് ചെയ്യുകയും ടിയാൾ ആലപ്പുഴ ജില്ലാ പബ്ലിക് ഹെൽത്ത് ലാബിൽ ജൂനിയർ കൺസൾട്ടന്റായി തുടർന്നു വരികയുമാണ്. ഡോ.റെൻസികോശി-യുടെ താത്കാലിക നിയമനം ക്രമീകരിച്ചു നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 4-ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, താൽകാലിക സ്ഥാനക്കയറ്റം ക്രമീകരിക്കുന്നതിന്റെ ഉദ്ദേശം എന്നത് പ്രസ്തുത സ്ഥാനക്കയറ്റത്തെ റഗുലർ പ്രൊമോഷന്റെ രൂപത്തിലേക്ക് മാറ്റുക എന്നതായതിനാൽ ഡോ.റെൻസികോശിയെ, കൺസൾട്ടന്റിന്റെ ഒഴിവ് നിലവിലില്ലാത്തതിനാൽ കൺസൾട്ടന്റ് (പി.എച്ച് ലാബ്) തസ്തികയിൽ നിന്നും ജൂനിയർ കൺസൾട്ടന്റ് (പി.എച്ച് ലാബ്) തസ്തികയിലേക്ക് പരാമർശം

(1)-ലെ നടപടിക്രമ പ്രകാരം റിവർട്ട് ചെയ്ത ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ആഫീസർ, ആലപ്പുഴ.

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് നം: ഇ.എ1-93250/17/ആ.വ.ഡ തീയതി 13.03.2018</u>**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**